<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3602**</u> <u>**26-10-2021 - ൽ മറുപടിയ്ക്ക്**</u>

<u>**കെ.എസ്.ആർ.ടി.സി. യിലെ ശമ്പളവും പെൻഷനും**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **Shri Antony Raju**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലായ കെ.എസ്.ആർ.ടി.സി. യിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കോവിഡ് മഹാമാരിയെ തുടർന്ന് കെ.എസ്.ആർ.ടി.സി.യുടെ വരുമാനം ഗണ്യമായി കുറയുകയും ഇതുനിമിത്തം ജീവനക്കാർക്ക് പ്രതിമാസ ശമ്പളംപോലും നൽകാൻ കഴിയാത്ത അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുകയും ചെയ്തു. ഈ പ്രതിസന്ധി കാലഘട്ടത്തിൽ 2020 മാർച്ച് മാസം മുതൽ പൂർണ്ണമായും സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്താലാണ് കെ.എസ്.ആർ.ടി.സി. നിലനിന്ന് പോരുന്നത്. ടി കാലയളവ് മുതൽ നാളിതുവരെയും ശമ്പളം / ഇടക്കാലാശ്വാസം / കോവിഡിന്റെ ആദ്യ വ്യാപന ഘട്ടത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മാറ്റി വെച്ചിരുന്ന തുക എന്നിവയുൾപ്പെടെ നൽകുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ച് വരുന്നുണ്ട്. ഈ ഇനത്തിൽ 2020 മാർച്ച് മുതൽ 2021 സെപ്റ്റംബർ വരെ ആകെ 1460.96 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പെൻഷൻ മുടങ്ങുന്ന സാഹചര്യമുണ്ടായപ്പോൾ സർക്കാർ മുൻകൈയ്യെടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി നിലവിൽ പെൻഷൻ നൽകി വരികയും ചെയ്യുന്നു. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക പലിശയുൾപ്പെടെ, കെ.എസ്.ആർ.ടി.സി.യുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും സഹകരണ സംഘങ്ങൾക്ക് തിരികെ നൽകി വരുന്നു. ഈ ഇനത്തിൽ 2020 ഏപ്രിൽ മുതൽ 2021 ജൂലൈ മാസം വരെ ആകെ 1131.74 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ട്. |
| (ബി) | പ്രൊഫസർ സുശീൽ ഖന്ന റിപ്പോർട്ടിന്റെ | (ബി) | കെ.എസ്.ആർ.ടി.സി.യുടെ സമ്പൂർണ്ണ |

| | |
|---|---|
| അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് കെ.എസ്.ആർ.ടി.സി. യിൽ സ്വീകരിച്ചിട്ടുള്ളത്; അറിയിക്കുമോ? | പുനരുദ്ധാരണത്തോടനുബന്ധിച്ച്, പഠനം നടത്തിയ പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച പുനരുദ്ധാരണ പാക്കേജിൻ പ്രകാരം നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ, കുറഞ്ഞ പലിശ നിരക്കും കൂടിയ തിരിച്ചടവ് കാലയളവും ഉള്ള കൺസോർഷ്യം വായ്പയായി വളരെ ലാഭകരമായി പുനഃക്രമീകരിച്ചിട്ടുണ്ട്. ഇതുവഴി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ഗണ്യമായ തുക കുറവ് വന്നിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പെൻഷൻ മുടങ്ങുന്ന സാഹചര്യമുണ്ടായപ്പോൾ സർക്കാർ മുൻകൈയ്യെടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി നിലവിൽ പെൻഷൻ നൽകി വരികയും ചെയ്യുന്നു. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക പലിശയുൾപ്പെടെ, കെ.എസ്.ആർ.ടി.സി.യുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും സഹകരണ സംഘങ്ങൾക്ക് തിരികെ നൽകി വരുന്നു. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ്സും, ജീവനക്കാരും തമ്മിലുള്ള അനുപാതം കുറച്ച് ദേശീയ ശരാശരിക്കൊപ്പം എത്തിക്കുന്നതിന്റെ ഭാഗമായി 2018-നുശേഷം വിരമിച്ച ജീവനക്കാർക്ക് പകരം നിയമനങ്ങൾ ഒന്നും നടത്തിയിട്ടില്ല. മാത്രമല്ല പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യുടെ ബസ്സ് സർവ്വീസുകൾ പുനഃക്രമീകരിച്ചുവഴി കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനം കോവിഡിന് മുൻപ്, 6.30 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിരുന്നു. കോർപ്പറേഷന്റെ മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിന് ഉന്നതതല മാനേജീരിയൽ തസ്തികകൾ രൂപീകരിച്ച് ഓപ്പൺ മാർക്കറ്റിൽ നിന്നും നിയമന നടത്തി പുനരുദ്ധാരണ നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. പ്രൊഫഷനൽ ഭരണസമിതി രൂപീകരിച്ചു. കോർപ്പറേഷനെ സ്വയം പര്യാപ്തമായ 3 മേഖലകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഓപ്പറേറ്റിംഗ് / മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി ക്രമപ്പെടുത്തലും മിനിസ്റ്റീരിയൽ ജീവനക്കാരുടെ ജോലി സമയവും പരിഷ്കരിച്ചു. കോർപ്പറേഷനെ പൂർണ്ണമായും |

| | | | |
|---|---|---|---|
| | | | കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. കെ.എസ്.ആർ.ടി.സി.യുടെ റൂട്ടുകൾ പുനഃക്രമീകരിക്കുന്നതിന് വിവധ പഠനങ്ങളും ഇതര നടപടികളും പുരോഗമിക്കുന്നു. ബസ് ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കൾ കൂടുതലായതിനാൽ ആയത് 5.5 എന്ന ദേശീയ ശരാശരിയേക്കാൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി പുതിയ നിയമനങ്ങൾ താൽകാലികമായി നിറുത്തി വച്ചിരിക്കുന്നു. ഇത്തരത്തിൽ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിൻ പ്രകാരമുള്ള നടപ്പിലാക്കിയ പുനരുദ്ധാരണ പദ്ധതികളുടെ ഗുണഫലം ലഭ്യമായി വരുന്ന വേളയിലാണ് രാജ്യത്ത് 2020 മാർച്ച് മാസത്തോടെ കോവിഡ് വ്യാപനം ആരംഭിക്കുന്നതും, തുടർന്ന് കെ.എസ്.ആർ.ടി.സി.യുടെ വരുമാനം കുത്തനെ ഇടിയുകയും ചെയ്യുന്ന സ്ഥിതി വിശേഷം ഉണ്ടായത്. |

സെക്ഷൻ ഓഫീസർ